# പതിനാലാം നിയമസഭ

## ഒൻപതാം സമ്മേളനം

## 2018 ജനുവരി 24, ബുധൻ

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾ

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : **ശ്രീ സി ദിവാകരൻ**

മറുപടി : ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി **ശ്രീ. തോമസ് ഐസക്**

| ചോദ്യം നം. 535 | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കാനു ദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് മുതൽ നടപ്പിലാക്കാ നാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24.04.2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നം. 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്ത് കരാറിൽ ഒപ്പു വയ്ക്കുന്ന മുറയ്ക്ക് പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ് |
| (ബി) | പദ്ധതി നടത്തിപ്പിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സർക്കാർ താൽപര്യപത്രം ക്ഷണിച്ചതിൻ പ്രകാരം ഓറിയന്റ് ഇൻഷ്വറൻസ് കമ്പനി, ദി ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനി, യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, റിലയൻസ് ജനറൽ ഇൻഷ്വറൻസ്, ബജാജ് അലൈൻസ് ജനറൽ ഇൻഷ്വറൻസ് എന്നീ കമ്പനികളാണ് മുന്നോട്ടു വന്നിട്ടുള്ളത് |
| (സി) | പദ്ധതി നടത്തിപ്പിനായി ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | ഇല്ല |

സെക്ഷൻ ഓഫീസർ